# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തൈക്കാട്ടുശേരി ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: ksa.alp.bp/488/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 19/05/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൈക്കാട്ടുശേരി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : തൈക്കാട്ടുശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൈക്കാട്ടുശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1)അസി.ഡെവലപ്മെന്റ് കമ്മീഷണർ(ജനറൽ)ആലപ്പുഴ
2)ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്

നമ്പർ: ksa.alp.bp/488/2022. തീയ്യതി: 19/05/2022

## ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-07-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഹരികുമാർ.ജി, | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 04-04-2022 | 19-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-04-2022 | 19-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.എസ്.എൽസമ്മ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.),
ശ്രീ.റോയി.ടി.എം, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.സിജി ജോൺ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.നിർമ്മല ശെൽവരാജ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ബിജുകുമാർ | സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി.മിനി.എസ്.നായർ | കൃഷി ഓഫീസർ | 01-04-2019 | 06-07-2019 |
| ശ്രീ.ഇന്ദു.കെ.പോൾ | കൃഷി ഓഫീസർ | 07-07-2019 | 16-09-2019 |
| ശ്രീ.സിറാജ്ജുദ്ദീൻ.എം.എ | കൃഷി ഓഫീസർ | 17-09-2019 | 31-03-2020 |
| ശ്രീമതി.സ്മിത.ജി.എൻ | സി.ഡി.പി.ഓ | 01-04-2019 | 03-05-2019 |
| ശ്രീമതി.ശിൽപ്പ. യൂ.ജെ. | സി.ഡി.പി.ഓ | 04-05-2019 | 20-07-2019 |
| ശ്രീമതി.സുധാലക്ഷ്മി | സി.ഡി.പി.ഓ | 20-07-2019 | 31-03-2020 |
| ഡോ.കെ..എ.ജോർജ്ജ് | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, | 01-04-2019 | 04-03-2020 |
| ഡോ.കെ.ആർ.സേതുമാധവൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, | 05-03-2020 | 31-03-2020 |
| ശ്രീമതി.റെനി സെബാസ്റ്റ്യൻ | അസി.എൻജിനീയർ | 01-04-2019 | 05-12-2019 |
| ശ്രീമതി.സിനി.എസ്. | അസി.എൻജിനീയർ | 06-12-2019 | 31-03-2020 |
| ശ്രീമതി.പ്രവീണ.ജി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീ.ബിനീഷ്.കെ. | എസ്.സി.ഡി.ഓ. | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Elsamma (Audit Officer, On 18-04-2022)<br>Last Updated By: Elsamma (Audit Officer, On 12-05-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Elsamma (Audit Officer, On 18-04-2022)<br>Last Updated By: Elsamma (Audit Officer, On 12-05-2022) | 1-2 |
| 3 | വാർഷിക കണക്ക് പരിശോധന - അപാകതകൾ<br>Written By: T.M Roy (Senior Grade Auditor, On 19-04-2022)<br>Last Updated By: Elsamma (Audit Officer, On 19-05-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Elsamma (Audit Officer, On 18-04-2022)<br>Last Updated By: Elsamma (Audit Officer, On 18-04-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Elsamma (Audit Officer, On 18-04-2022)<br>Last Updated By: Elsamma (Audit Officer, On 19-05-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Elsamma (Audit Officer, On 18-04-2022)<br>Last Updated By: Elsamma (Audit Officer, On 12-05-2022) | 1-5 |
| 7 | ക്യാഷ് പരിശോധന<br>Written By: Elsamma (Audit Officer, On 20-04-2022)<br>Last Updated By: Elsamma (Audit Officer, On 12-05-2022) | 1-6 |
| 8 | ആഭ്യന്തരനിയന്ത്രണം<br>Written By: Elsamma (Audit Officer, On 19-04-2022)<br>Last Updated By: Elsamma (Audit Officer, On 12-05-2022) | 1-7 |
| 9 | പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങൽ - അനുവദിക്കാവുന്ന സബ്സിഡി നിരക്കിനെക്കാൾ കൂടുതൽ തുക ചെലവഴിച്ചു<br>Written By: T.M Roy (Senior Grade Auditor, On 19-04-2022)<br>Last Updated By: Elsamma (Audit Officer, On 19-05-2022) | 1-8 |
| 10 | ഗ്രീൻ പ്രോട്ടോക്കോൾ ബോധവല്ക്കരണ ബോർഡുകൾ സ്ഥാപിക്കൽ (പ്രോ.നം 87/2020) – കുറഞ്ഞ ക്വട്ടേഷൻ ഒഴിവാക്കിയതുമൂലം അധികച്ചെലവ്<br>Written By: T.M Roy (Senior Grade Auditor, On 19-04-2022)<br>Last Updated By: Elsamma (Audit Officer, On 19-05-2022) | 1-9 |
| 11 | അഗതി രഹിത കേരളം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: T.M Roy (Senior Grade Auditor, On 19-04-2022)<br>Last Updated By: Elsamma (Audit Officer, On 12-05-2022) | 1-10 |
| 12 | പാർട് ടൈം സ്വീപ്പർ ശ്രീ. കെ.എൻ. സുരേഷ്ബാബുവിന്റെ അനധികൃത അവധികൾ സംബന്ധിച്ച്<br>Written By: Siji (Auditor, On 19-04-2022)<br>Last Updated By: Elsamma (Audit Officer, On 12-05-2022) | 1-11 |
| 13 | പത്രപ്പരസ്യം നല്കിയത് - ട്രേഡ് ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല<br>Written By: Siji (Auditor, On 19-04-2022)<br>Last Updated By: Elsamma (Audit Officer, On 12-05-2022) | 1-12 |
| 14 | ഇ.എം.ഡി. തുക തിരികെ നല്കിയത് - അസ്സൽ രസീതുകൾ തിരികെ ലഭ്യമാക്കിയില്ല<br>Written By: Siji (Auditor, On 19-04-2022)<br>Last Updated By: Elsamma (Audit Officer, On 19-05-2022) | 1-13 |
| 15 | വൗച്ചറുകൾക്കൊപ്പം ആവശ്യമായ രേഖകൾ ഇല്ല<br>Written By: Siji (Auditor, On 19-04-2022)<br>Last Updated By: Elsamma (Audit Officer, On 12-05-2022) | 1-14 |

| | | |
|---|---|---|
| 16 | മുൻകൂറായി പണം നല്കിയിട്ടുണ്ടെങ്കിലും മരുന്നുകൾ ലഭ്യമായിട്ടില്ല<br>Written By: Siji (Auditor, On 19-04-2022)<br>Last Updated By: Elsamma (Audit Officer, On 12-05-2022) | 1-15 |
| 17 | സെക്കന്ററി ലെവൽ പാലിയേറ്റീവ് കെയർ - നടത്തിപ്പിലെ അപാകതകൾ<br>Written By: Siji (Auditor, On 19-04-2022)<br>Last Updated By: Elsamma (Audit Officer, On 12-05-2022) | 1-16 |
| 18 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., അരുക്കുറ്റി നടപ്പാക്കിയ വിവിധ പ്രോജക്ടുകളിലെ അപാകതകൾ<br>Written By: Siji (Auditor, On 19-04-2022)<br>Last Updated By: Elsamma (Audit Officer, On 19-05-2022) | 1-17 |
| 19 | മെഡിക്കൽ ഓഫീസർ, പെരുമ്പളം നിർവ്വഹണം നടത്തിയ പ്രോജക്ട് - ബില്ലിനൊപ്പം ആവശ്യമായ രേഖകൾ ലഭ്യമല്ല<br>Written By: Siji (Auditor, On 19-04-2022)<br>Last Updated By: Elsamma (Audit Officer, On 19-05-2022) | 1-18 |
| 20 | ഹരിത കർമ്മ സേനയ്ക്ക് പ്രകൃതി സൗഹൃദ പാത്രങ്ങൾ (പ്രോ.നം 81/2020) - കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ ഒഴിവാക്കിയതുമൂലം അധികച്ചെലവ്<br>Written By: T.M Roy (Senior Grade Auditor, On 19-04-2022)<br>Last Updated By: Elsamma (Audit Officer, On 12-05-2022) | 1-19 |
| 21 | ലൈഫ് ഭവന നിർമ്മാണത്തിന് വിഹിതം നൽകൽ - സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ഫണ്ട് കൈമാറി, വിനിയോഗ വിവരം ലഭ്യമാക്കിയില്ല<br>Written By: T.M Roy (Senior Grade Auditor, On 19-04-2022)<br>Last Updated By: Elsamma (Audit Officer, On 19-05-2022) | 1-20 |
| 22 | ഐ.കെ.എം പ്രവർത്തനങ്ങൾക്ക് വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല, ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: T.M Roy (Senior Grade Auditor, On 19-04-2022)<br>Last Updated By: Elsamma (Audit Officer, On 12-05-2022) | 1-21 |
| 23 | എസ്.റ്റി വിദ്യാർത്ഥികൾക്ക് പഠനമുറി (പ്രോ.നം 04/20) - മൂല്യനിർണ്ണയ സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: T.M Roy (Senior Grade Auditor, On 19-04-2022)<br>Last Updated By: Elsamma (Audit Officer, On 12-05-2022) | 1-22 |
| 24 | സർക്കാർ ഉത്തരവിനു വിരുദ്ധമായി പ്രോജക്ട് എറ്റെടുത്തു<br>Written By: Elsamma (Audit Officer, On 22-04-2022)<br>Last Updated By: Elsamma (Audit Officer, On 19-05-2022) | 1-23 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | പത്രപ്പരസ്യം നല്കിയത് - ട്രേഡ് ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല<br>Written By: Siji (Auditor, On 19-04-2022)<br>Last Updated By: Elsamma (Audit Officer, On 12-05-2022) | 3-1 |
| 2 | ഗ്രീൻ പ്രോട്ടോക്കോൾ ബോധവല്കരണ ബോർഡുകൾ സ്ഥാപിക്കൽ (പ്രോ.നം 87/2020) – കുറഞ്ഞ ക്വട്ടേഷൻ ഒഴിവാക്കിയതുമൂലം അധികച്ചെലവ്<br>Written By: T.M Roy (Senior Grade Auditor, On 19-04-2022)<br>Last Updated By: Elsamma (Audit Officer, On 19-05-2022) | 3-2 |
| 3 | ഹരിത കർമ്മ സേനയ്ക്ക് പ്രകൃതി സൗഹൃദ പാത്രങ്ങൾ (പ്രോ.നം 81/2020) - കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ ഒഴിവാക്കിയതുമൂലം അധികച്ചെലവ്<br>Written By: T.M Roy (Senior Grade Auditor, On 19-04-2022)<br>Last Updated By: Elsamma (Audit Officer, On 12-05-2022) | 3-3 |
| 4 | പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങൽ - അനുവദനീയമായ സബ്സിഡി | 3-4 |

| | | |
|---|---|---|
| | നിരക്കിനെക്കാൾ കൂടുതൽ തുക ചെലവഴിച്ചു<br>Written By: T.M Roy (Senior Grade Auditor, On 19-04-2022)<br>Last Updated By: Elsamma (Audit Officer, On 19-05-2022) | |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Elsamma (Audit Officer, On 18-04-2022)<br>Last Updated By: Elsamma (Audit Officer, On 12-05-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Elsamma (Audit Officer, On 18-04-2022)<br>Last Updated By: Elsamma (Audit Officer, On 18-04-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Elsamma (Audit Officer, On 18-04-2022)<br>Last Updated By: Elsamma (Audit Officer, On 18-04-2022) | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: Elsamma (Audit Officer, On 18-04-2022)<br>Last Updated By: Elsamma (Audit Officer, On 19-05-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Elsamma (Audit Officer, On 18-04-2022)<br>Last Updated By: Elsamma (Audit Officer, On 18-04-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Elsamma (Audit Officer, On 18-04-2022)<br>Last Updated By: Elsamma (Audit Officer, On 18-04-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Elsamma (Audit Officer, On 18-04-2022)<br>Last Updated By: Elsamma (Audit Officer, On 12-05-2022) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Elsamma (Audit Officer, On 18-04-2022)<br>Last Updated By: Elsamma (Audit Officer, On 12-05-2022) | 4-8 |
| 9 | പ്രത്യവലോകനം<br>Written By: Elsamma (Audit Officer, On 19-04-2022)<br>Last Updated By: Elsamma (Audit Officer, On 19-05-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Elsamma (Audit Officer, On 19-04-2022)<br>Last Updated By: Elsamma (Audit Officer, On 12-05-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

21.2.2019 തീയതിയിലെ 1-ാം തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 536486460 | 534787653 |
| വാർഷിക കണക്ക് പ്രകാരം | | |

13.03.2020-ാം തീയതിയിലെ പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് 409860551/- രൂപയും ചെലവ് 12950922/- രൂപയുമാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2020 | 29.05.2020 |

### 1-2-1 വാർഷിക കണക്ക് പരിശോധന - അപാകതകൾ

തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ താഴെ ചേർക്കുന്നു.

1) വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നീ പത്രികകൾ ഉൾപ്പെടുത്തിയിട്ടില്ല.

2) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. മുൻകാലങ്ങളിൽ ആർജ്ജിച്ച ആസ്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ മുഴുവൻ ആസ്തികളും ഉൾക്കൊള്ളത്തക്ക തരത്തിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിംഗ് സമ്പ്രദായം സാംഖ്യ സോഫ്റ്റ്‌വെയറിലേക്ക് മാറുന്നതിന് മുൻപുള്ള ആസ്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ച് സചിത്ര സോഫ്റ്റ്‌വെയറുമായി സംയോജിപ്പിക്കണമെന്നുള്ള സർക്കാർ നിർദ്ദേശം (ജി.ഒ(എം.എസ്)152/11/ ത.സ്വ.ഭ.വ തീയതി: 26.07.2011) നടപ്പാക്കിയിട്ടില്ല. 2019-20ലെ ആസ്തി രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

3) ബ്ലോക്ക് പഞ്ചായത്തിലെ ഭരണസമിതി അംഗങ്ങളുടെ ഓണറേറിയം, ദിവസവേതന ജീവനക്കാരുടെ ശമ്പളം, ഭരണസമിതി അംഗങ്ങൾ, ജീവനക്കാർ എന്നിവർക്കുള്ള ഇതര അലവൻസുകളിലെ കുടിശ്ശിക ബാധ്യത (റ്റി.എ, സിറ്റിംഗ് ഫീ Etc) ഉൾപ്പടെയുള്ള എല്ലാ വർഷാന്ത്യ ബാധ്യതകളും (Outstanding Liabilities) വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല. തൻവർഷത്തെ എല്ലാ ഭരണച്ചെലവുകൾക്കുമുള്ള പ്രൊവിഷൻ (ടെലഫോൺ, കറന്റ് ചാർജ്ജ്) വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തുന്നില്ല.

4) വാർഷിക കണക്ക് പ്രകാരം വികസന ഫണ്ട് പൊതുവിഭാഗത്തിൽ നിന്നുള്ള തൻവർഷത്തെ ചെലവ് 23364939/- രൂപയാണ്. എന്നാൽ എ.സി.ആർ പ്രകാരമുള്ള ആകെ ചെലവ് 23449939/- രൂപയാണ്.

5) മുൻ വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം ഗ്രാമ പഞ്ചായത്ത് വിഹിതത്തിൽ 3825529/- രൂപ മുന്നിരിപ്പുണ്ട്. തൻവർഷം ഗ്രാമപഞ്ചായത്ത് വിഹിതമായി 210000/- രൂപ ലഭിച്ചതായും 164226/- രൂപ ചെലവഴിച്ചതായും വാർഷിക കണക്കിൽ രേഖപ്പെടുത്തി കാണുന്നു. ഇതനുസരിച്ച് തൻവർഷത്തെ നീക്കിയിരുപ്പ് 3871303/- രൂപയാണ് വരേണ്ടത്. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4ൽ 3848018/- രൂപ നീക്കിയിരുപ്പുള്ളതായി കാണുന്നു. സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് 135000/- രൂപ മാത്രമാണ്.

6) സുലേഖ ചെലവ് പത്രിക പ്രകാരം ജില്ലാപഞ്ചായത്ത് വിഹിതത്തിൽ നിന്നും തൻവർഷം 5,89,000/- രൂപ ചെലവഴിച്ചതായി കാണിച്ചിട്ടുണ്ട്. എന്നാൽ വാർഷിക കണക്ക് പ്രകാരം തൻവർഷം 45250/- രൂപ മാത്രമാണ് ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടുള്ളത്.

7) ടോട്ടൽ സാനിട്ടേഷൻ അക്കൗണ്ടിലെ മുന്നിരിപ്പ് 902655 രൂപയാണ്. തൻവർഷത്തെ വാർഷിക കണക്ക് പ്രകാരം ഈയിനത്തിൽ 28406 രൂപയുടെ പലിശ വരവ് മാത്രമാണ് ഉള്ളത്. ഇതനുസരിച്ച് നീക്കിയിരുപ്പ് 931061 രൂപയാണ് വരേണ്ടത്. എന്നാൽ വാർഷിക കണക്കിൽ 813113 രൂപ നീക്കിയിരുപ്പ് ഉള്ളതായി കാണുന്നു.

8) ബ്ലോക്ക് പഞ്ചായത്തിലെ ഓരോ ആസ്തികളുടെയും മൂല്യം, ആസ്തി ആർജിച്ചതും വിറ്റൊഴിഞ്ഞതുമായ കാലയളവ് എന്നിവ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ആസ്തികളുടെ തേയ്മാനച്ചെലവ് (Depreciation)

കണക്കാക്കിയതിൽ കൃത്യതയില്ല. പല ആസ്തികൾക്കും പ്രത്യേകം ശീർഷകങ്ങൾക്ക് പകരം പൊതുവായ ശീർഷകങ്ങളാണ് ഉപയോഗിക്കുന്നത്. ഉദാഹരണത്തിന് വാർഷിക കണക്കിൽ വാഹനത്തിന്റെ ആകെ മൂല്യത്തേക്കാൾ (4164660) കൂടുതൽ തുക ഡിപ്രീസിയേഷൻ (4841202) ആയി നൽകിയിരിക്കുന്നു.

9) മുൻ വർഷങ്ങളിലെ ബാലൻസ് ഷീറ്റിലും തൻ വർഷത്തെ ബാലൻസ് ഷീറ്റിലും ഷെഡ്യൂൾ B- 9 പ്രകാരം Govt.& Other Dues Payable ശീർഷകത്തിൽ 39,117/- രൂപ ബാധ്യത രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുക സാംഖ്യ ആരംഭിച്ച തീയതി മുതൽ അക്കൗണ്ട്സിൽ ചേർത്തിട്ടുള്ളതാണ്. ഈ ബാധ്യത ഏതിനത്തിലുള്ളതാണെന്നും എന്തുകൊണ്ടാണ് തുക ചെലവഴിക്കാത്തത് എന്നതിനുള്ള വിശദവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

10) തൻ വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരം വിവിധ പദ്ധതികൾക്കായി ലഭിച്ച തുകകളുടെ നീക്കിയിരിപ്പ് ആയി ചേർത്തിരിക്കുന്ന തുകകളുടെ വിശദവിവരങ്ങളും ഇവ ഏതെല്ലാം ബാങ്ക് അക്കൗണ്ടുകളിലായാണ് സൂക്ഷിച്ചിരിക്കുന്നത് എന്നത് സംബന്ധിച്ച വിശദവിവരങ്ങളും ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ പരിശോധന സാധ്യമാകുന്നില്ല. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരം ICDS, ശീർഷകത്തിൽ ഒരേ തുക തന്നെയാണ് വർഷങ്ങളായി നീക്കിയിരിപ്പായി ഉൾപ്പെടുത്തുന്നത്.

11) നിരത ദ്രവ്യം, സെക്യൂരിറ്റി നിക്ഷേപം മുതലായ ഇനങ്ങളിലെ തൻവർഷ വരവ്, തിരികെ നൽകിയ തുക, മുതൽക്കൂട്ടിയ തുക എന്നിവ ഡെപ്പോസിറ്റ് രജിസ്റ്ററിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 17579375 |
| വരവ് | 48409518 |
| ആകെ | 65988893 |
| ചെലവ് | 49956063 |
| നീക്കിയിരിപ്പ് | 16032830 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 28366000 | 28366000 | 23364939 | 5001061 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 10030000 | 10030000 | 8545799 | 1484201 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | | ഇല്ല | | |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 379000 | 379000 | 379000 | - |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 3708000 | 3708000 | 2919871 | 788129 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 84 | 58358918 | 50 | 37518808 | 25 | 9 | 59.52% |

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.04.2022-ന് 1 Pm-ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. സ്ഥാപനത്തിലെ പണം സൂക്ഷിപ്പിന് ഇൻഷ്വറൻസ് കവറേജ് ഇല്ല.
2. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
3. സ്റ്റോക്ക് രജിസ്റ്ററിൽ ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരിപ്പ് വിവരം എന്നിവ ലഭ്യമല്ല. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
4. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
5. ആസ്തികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. കാലഹരണപ്പെട്ടതും പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കൈയൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നുംതന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.
6. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-8 പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങൽ - അനുവദിക്കാവുന്ന സബ്സിഡി നിരക്കിനെക്കാൾ കൂടുതൽ തുക ചെലവഴിച്ചു

2019-20 വർഷം പട്ടിക ജാതി വികസന ഓഫീസർ നടപ്പിലാക്കിയ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങി നൽകൽ (പ്രോ.നം 03/2020) എന്ന പ്രോജക്റ്റ് പ്രകാരം ആറ് ഗുണഭോക്താക്കൾക്ക് ഒരു സെന്റിന് 75000/- നിരക്കിൽ അഞ്ച് സെന്റ് വീതം ഭൂമി വാങ്ങിയതിന് ഓരോ ഗുണഭോക്താവിനും 3,75,000/- വീതം വികസന ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ)നം 22/2018/ത.സ്വ.ഭ.വ തീയതി 14.02.2018 പ്രകാരം ഭൂരഹിത ഭവനരഹിതർക്ക് ലൈഫ് മിഷൻ വ്യവസ്ഥകൾ അനുസരിച്ചാണ് വാസയോഗ്യമായ ഭൂമി വാങ്ങി നൽകേണ്ടത്. 2019-20 വർഷത്തേയ്ക്ക് ബാധകമായ ലൈഫ് മിഷൻ നിബന്ധനകൾ അനുസരിച്ച് ഒരു സെന്റിന് 75000/- നിരക്കിൽ മൂന്ന് സെന്റോ അതിലധികമോ ഭൂമി വാങ്ങുന്നതിന് പരമാവധി 2,25,000/- രൂപയാണ് സബ്സിഡിയായി നൽകാവുന്നത്. പദ്ധതി മാർഗ്ഗരേഖ ലംഘിച്ച് അധിക നിരക്കിൽ സബ്സിഡി അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നം. 5/19-20/13.04.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഗുണഭോക്താക്കളുടെ വിവരം താഴെ കൊടുക്കുന്നു.

1-അവിനാശ് എം. ഹരി, അവിനാശ് വില്ല, പെരുമ്പളം
2-നിബിൻ, കോലോത്ത് മഠം, ലക്ഷംവീട്, പാണാവള്ളി
3-സജിത അംബുജാക്ഷൻ, കുന്നത്തുകടവ്, തയ്യിട ലക്ഷംവീട്, ചേന്നംപള്ളിപ്പുറം
4-നിധീഷ് എം, നടുവിലത്തറ, തൈക്കാട്ടുശ്ശേരി
5-രാജിമോൾ, ചിങ്ങംതറ, വടുതല ജെട്ടി, അരൂക്കുറ്റി
6-നീന സി.കെ, ചേന്നത്തറ, തൃച്ചാറ്റുകുളം, പാണാവള്ളി

ലൈഫ് മിഷൻ നിബന്ധന പ്രകാരം ആറ് ഗുണഭോക്താക്കൾക്കായി ചെലവഴിക്കാവുന്ന പരമാവധി തുക 13,50,000/- രൂപയാണെന്നിരിക്കെ 22,50,000/- രൂപ പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിക്കുക വഴി 9,00,000/- രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. ടി തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.

ചെലവ് വിവരം.

ബിൽ നം 02/6.9.2019 – 3,75,000/-

ബിൽ നം 08/13.11.2019 – 3,75,000/-

ബിൽ നം 09/13.11.2019 – 3,75,000/-

ബിൽ നം 10/24.11.2019 – 3,75,000/-

ബിൽ നം 16/16.12.2019 – 3,75,000/-

ബിൽ നം 40/16.3.2020 – 3,75,000/-

## 1-9 ഗ്രീൻ പ്രോട്ടോക്കോൾ ബോധവല്ക്കരണ ബോർഡുകൾ സ്ഥാപിക്കൽ (പ്രോ.നം 87/2020) – കുറഞ്ഞ ക്വട്ടേഷൻ ഒഴിവാക്കിയതുമൂലം അധികച്ചെലവ്

ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള വിവിധ സ്ഥലങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ ബോധവല്ക്കരണ ബോർഡുകൾ സ്ഥാപിക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ തുക ക്വോട്ട് ചെയ്തിരിക്കുന്നത് ളുലിക ഡിസൈനേഴ്സ് ആലപ്പുഴ എന്ന സ്ഥാപനമാണ് (ഒരു ബോർഡിന് 7600/- രൂപ). എന്നാൽ ബോർഡിന് 6750 + 18% GST ക്വോട്ട് ചെയ്ത ജയൻ ആർട്സ് ആലപ്പുഴ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷനാണ് അംഗീകരിച്ച് വർക്ക് ഓർഡർ നൽകിയത്. ജയൻ ആർട്സിന്റെ ക്വട്ടേഷൻ പ്രകാരം ഒരു ബോർഡിന് GST ഉൾപ്പെടെ 7965/- രൂപയാണ് ചെലവ് വരുന്നത്. ളുലിക ഡിസൈനേഴ്സ് ആലപ്പുഴ ക്വട്ടേഷനിൽ ജി.എസ്.ടി പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഒരു ബോർഡിന് 7600/- രൂപയെന്നത് ജി.എസ്.ടി ഉൾപ്പെടെയുള്ള നിരക്കായി കണക്കാക്കേണ്ടതാണ്. വിവിധ സ്ഥലങ്ങളിൽ പത്ത് ഗ്രീൻ പ്രോട്ടോക്കോൾ ബോധവല്ക്കരണ ബോർഡുകൾ സ്ഥാപിച്ചതിന് പദ്ധതി വിഹിതത്തിൽ നിന്നും 79650/- രൂപ (ചെക്ക് നം. 409121/17.3.2020) പിൻവലിച്ച് ജയൻ ആർട്സിന് നൽകിയിട്ടുണ്ട്. ക്വട്ടേഷനിൽ പങ്കെടുത്ത സ്ഥാപനങ്ങൾ ക്വോട്ട് ചെയ്ത നിരക്ക് കൃത്യമായി അപഗ്രഥിച്ച് ശരിയായ താരതമ്യ പത്രിക തയ്യാറാക്കി പഞ്ചായത്ത് ഭരണ സമിതിയുടെ അംഗീകാരത്തിന് സമർപ്പിക്കാതിരുന്നതു കൊണ്ടാണ് ഇത്തരത്തിൽ കുറഞ്ഞ തുക ക്വോട്ട് ചെയ്ത സ്ഥാപനത്തിന്റെ ക്വട്ടേഷൻ പരിഗണിക്കപ്പെടാതെ പോയത്. കുറഞ്ഞ തുകയുള്ള ക്വട്ടേഷൻ അംഗീകരിക്കാതിരുന്നതുമൂലം 3650/- രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. ടി തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (06/13.4.2022) മറുപടി ലഭ്യമാക്കിയില്ല.

## 1-10 അഗതി രഹിത കേരളം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

2019-20 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ അഗതി രഹിതം കേരളം പദ്ധതിയ്ക്ക് വിഹിതം നൽകൽ (പ്രോ.നം 16/20) എന്ന പ്രോജക്ട് പ്രകാരം 100000/- രൂപ (ബിൽ നം 27/31.8.2019) വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് അരൂക്കുറ്റി ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ അഗതി ആശ്രയ ഗുണഭോക്താക്കളുടെ ഭവന പുനരുദ്ധാരണത്തിനാണ് തുക കൈമാറിയത്. എന്നാൽ അരൂക്കുറ്റി ഗ്രാമപഞ്ചായത്തിൽ നിന്നും തുകയുടെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ വാങ്ങി പരിശോധനയ്ക്ക് ഹാജരാക്കിയില്ല. തുകയുടെ കൈപ്പറ്റ് രസീത്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവയുടെ അഭാവത്തിൽ 1,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (13/13.4.2022) മറുപടി ലഭ്യമാക്കിയില്ല.

## 1-11 പാർട് ടൈം സ്വീപ്പർ ശ്രീ. കെ.എൻ. സുരേഷ്ബാബുവിന്റെ അനധികൃത അവധികൾ സംബന്ധിച്ച്

തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്തിലെ പി.റ്റി.എസ്. ആയ ശ്രീ. സുരേഷ് ബാബു. മെഡിക്കൽ സർട്ടിഫിക്കറ്റ് സമർപ്പിച്ച് 06.09.2019 മുതൽ 20.11.2019 വരെ 78 ദിവസത്തെ അവധി എടുത്തിട്ടുണ്ട്. മേൽ അവധി സ്പെഷ്യൽ ഡിസെബിലിറ്റി ലീവ് എന്നാണ് ഹാജർപുസ്തകത്തിലും സേവനപുസ്തകത്തിലും രേഖപ്പെടുത്തിയിരിക്കുന്നത്. ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി ശാരീരിക അവശതകൾ ഉണ്ടാകുന്നപക്ഷമാണ് അവശതാ അവധി അനുവദിക്കുന്നത്. ആയതിനാൽ ടിയാന് ശമ്പളത്തോടുകൂടിയ അവശതാ അവധി നല്കാൻ വ്യവസ്ഥയില്ല. ഇതു കൂടാതെ ടിയാന് അർഹമായ 15 ദിവസത്തെ സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിച്ചിട്ടുള്ളതാണ്.

1. മേൽ കാലയളവിൽ ടിയാൾക്ക് പൂർണ്ണ ശമ്പളം നല്കിയിട്ടുണ്ട്.

2. മേൽ അവധി സേവനപുസ്തകത്തിലെ ലീവ് അക്കൗണ്ട് പേജിൽ ചേർത്തിട്ടില്ല.

3. 8.5.20 വരെയുള്ള സേവനദൈർഘ്യം കണക്കാക്കി ടിയാന് 15 ദിവസത്തെ ആർജ്ജിതാവധി പണമാക്കുന്നതിന് അനുവദിച്ചിട്ടുണ്ട്. ഇതിൽ നിന്നും 78 ദിവസത്തെ ലീവ് കുറവ് ചെയ്തിട്ടില്ല. മേൽ ലീവ് കുറവു ചെയ്യുമ്പോൾ ടിയാന് 15 ദിവസത്തെ ആർജ്ജിതാവധി ക്രെഡിറ്റിൽ ഉണ്ടാവുകയില്ല.

4. 24 ആകസ്മികാവധികളാണ് ഹാജർ പുസ്തകം പ്രകാരം 2020 ൽ അനുവദിച്ചിരിക്കുന്നത് (1/20-1, 2/20-3, 3/20-6, 6/20-8, 8/20-1, 9/20-2, 10/20-3) കൂടാതെ 2020 ജൂലൈ മാസം ഒരു ദിവസം പോലും ഹാജർ രേഖപ്പെടുത്തിയിട്ടില്ല. യാതൊരുവിധ അവധിയും ഹാജർ പുസ്തകത്തിലോ സേവനപുസ്തകത്തിലോ രേഖപ്പെടുത്തിയിട്ടില്ല. ടിയാന് ജൂലൈ മാസത്തിൽ പൂർണ്ണവേതനം നല്കിയിട്ടുണ്ട്. എന്നാൽ ടിയാൻ ജൂലൈ മാസം 8 ദിവസം അവധിയിലാണെന്ന് കാണിച്ച് താൽക്കാലിക സ്വീപ്പർക്ക് 11-8/20 വൗച്ചർ പ്രകാരം വേതനം നല്കിയിട്ടുണ്ട് (ചെക്ക് നം. 2926557/21.8.20).

5. 2020 ൽ 18.8.21 വരെയുള്ള ജോലി ചെയ്ത കാലയളവ് കണക്കാക്കി 15 ദിവസത്തെ ലീവ് സറണ്ടർ അനുവദിച്ചിട്ടുണ്ട്. ഇതിൽ നിന്നും മേൽ സൂചിപ്പിച്ച അവധികൾ കുറവ് ചെയ്തിട്ടില്ല.

6. 2021 കലണ്ടർ വർഷം താഴെപ്പറയുന്ന തീയതികളിൽ രേഖപ്പെടുത്തലുകളൊന്നുമില്ല.

| മാസം | ദിവസം |
|---|---|
| 2/2021 | 10 മുതൽ 16 വരെ |
| 5/2021 | 10 മുതൽ 27- വരെയും 29ലും |
| 6/2021 | 1, 7, 9, 10, 14 തീയതികൾ |
| 10/2021 | 23-ാം തീയതി (Absent രേഖപ്പെടുത്തിയിരിക്കുന്നു) |
| 12/2021 | 4-ാം തീയതി |
| ആകെ | 33 ദിവസങ്ങൾ |

ഇതു കൂടാതെയാണ് ടിയാന് 2021 കലണ്ടർ വർഷം 20 ആകസ്മികാവധികൾ അനുവദിച്ചിട്ടുള്ളത്. മേൽ സൂചിപ്പിച്ച 33 ദിവസം സംബന്ധിച്ച് ടിയാന്റെ സേവനപുസ്തകത്തിൽ യാതൊരു രേഖപ്പെടുത്തലുകളുമില്ല. സേവനപുസ്തകത്തിലെ ലീവ് അക്കൗണ്ടിൽ ഇതു സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുമില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/8.4.22 ) മറുപടി ലഭ്യമാക്കിയില്ല.

മേൽ സൂചിപ്പിച്ച കാലയളവുകളിലെ അവധികൾ ഏതൊക്കെയാണെന്ന് വ്യക്തതവരുത്തി സേവനപുസ്തകത്തിൽ രേഖപ്പെടുത്തി, ലീവ് അക്കൗണ്ട് പൂർത്തിയാക്കി ടിയാന് അർഹതപ്പെട്ട അവധിയായി ക്രമീകരിക്കുകയും അർഹതപ്പെട്ട അവധി ഇല്ലാത്തപക്ഷം ശൂന്യവേതന അവധിയായി കണക്കാക്കി നല്കിയ വേതനം തിരികെ ഈടാക്കേണ്ടതുമാണ്. ഇപ്രകാരം ക്രമീകരിച്ചതിനുശേഷം മാത്രമാണ് തുടർന്നുള്ള വേതനം ടിയാന് അനുവദിക്കേണ്ടത്.

## 1-12 പത്രപ്പരസ്യം നല്കിയത് - ട്രേഡ് ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല

താഴെപ്പറയുന്ന പത്രപ്പരസ്യങ്ങൾക്കായി ചെലവഴിച്ച തുകകളിൽ നിന്നും 15% ട്രേഡ് ഡിസ്കൗണ്ട് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | വൗച്ചർ നം. | തുക | ദിനപ്പത്രം | ബിൽ നം. | GST കുറച്ചുള്ള തുക |
|---|---|---|---|---|---|
| 1 | 2-7/19 | 6388/- (ചെക്ക് നം. 1848572) | മാതൃഭൂമി | 321000011927/4.5.19 | 6084/- |
| 2 | 15-2/20 | 1198/- | മാധ്യമം | CB14881/13.2.20 | 1140/- |

| | | | | | |
|---|---|---|---|---|---|
| | | (ചെക്ക് നം. 0974028/24.2.20) | | | |
| | | ആകെ തുക | | | 7224 |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3/8.4.22) മറുപടി ലഭ്യമാക്കിയില്ല. ട്രേഡ് ഡിസ്കൗണ്ട് 1084/- (7224x15%) ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കാത്തതിനാൽ അധികം നൽകിയ തുക നിരാകരിക്കുന്നു.

## 1-13 ഇ.എം.ഡി. തുക തിരികെ നല്കിയത് - അസ്സൽ രസീതുകൾ തിരികെ ലഭ്യമാക്കിയില്ല

| ക്രമ നം. | GPG -വൗച്ചർ നം./ തുക | റിമാർക്സ് |
|---|---|---|
| 1 | 3-12/19 – 2400/- | ചെക്ക് നം. 0177089/9.12.19 പ്രകാരം 800/- രൂപ വീതം 3 പേരുടെ EMD തുക തിരികെ നല്കിയിട്ടുണ്ട്. എന്നാൽ ആയതിന്റെ രസീത് വൗച്ചറിനൊപ്പം ലഭ്യമാക്കിയിട്ടില്ല. |
| 2 | 7-12/19 – 3600/- | ചെക്ക് നം. 0177994/13.12.19 പ്രകാരം 3600/- രൂപയുടെ EMDതുക തിരികെ നല്കിയിട്ടുണ്ട്. എന്നാൽ ആയതിന്റെ രസീത് വൗച്ചറിനൊപ്പം ലഭ്യമാക്കിയിട്ടില്ല. |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3/8.4.22) മറുപടി ലഭ്യമാക്കിയില്ല. അസ്സൽ രസീതുകൾ ഓഡിറ്റിൽ ഹാജരാക്കാനാവശ്യപ്പെട്ടു നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു.

## 1-14 വൗച്ചറുകൾക്കൊപ്പം ആവശ്യമായ രേഖകൾ ഇല്ല

വൗച്ചർ പരിശോധനയിൽ കാണപ്പെട്ട താഴെപ്പറയുന്ന അപാകതകൾക്ക് ആവശ്യമായ രേഖകളോ വിശദീകരണമോ ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 3/8.4.22) മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നം. | GPG -വൗച്ചർ നം./ തുക | അപാകതകൾ |
|---|---|---|
| 1 | 5-4/2019 - 1340/- | ലോക് സഭാ ഇലക്ഷനുമായി ബന്ധപ്പെട്ട സ്റ്റേഷനറി വാങ്ങിയത്. തുക ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് തിരിച്ചടവാക്കുന്നതാണ് എന്ന് സെക്രട്ടറിയുടെ D.680/19/3.4.19-ാം നം. ഉത്തരവിൽ സൂചിപ്പിച്ചിട്ടുണ്ട്. തുക റീക്കൂപ്പ് ചെയ്ത വിവരം ലഭ്യമല്ല. ( ചെക്ക് നം. 0074883/തുക - 2785/- ) |
| 2 | 2-7/19 – 31034/- | റിഫ്രഷ്മെന്റിനത്തിൽ ചെലവഴിച്ച 31034/- രൂപയുടെ ബില്ലുകൾ വൗച്ചറിനൊപ്പം ലഭ്യമല്ല (ചെക്ക് നം. 1848572/തുക 62322/-). |
| 3 | 3-8/19 – 3300/- | പ്രിന്റർ റിപ്പയർ ചെയ്തതിനായി Printer Peopleന് നല്കിയ തുകയുടെ ബിൽ വൗച്ചറിനൊപ്പം ലഭ്യമല്ല (ചെക്ക് നം. 1724643/തുക - 42605/-) |

| | | |
|---|---|---|
| 4 | 10-8/19 - 8500/- (ചെക്ക് നം.1720650) | അരുക്കുറ്റി സി.എച്ച്.സി. കോമ്പൗണ്ടിൽ നില്ക്കുന്ന പഞ്ഞിമരം വെട്ടിമാറ്റുന്നതിന് 13.5.18 ലെ ട്രീ കമ്മിറ്റി തീരുമാനിച്ചു എന്ന് രേഖപ്പെടുത്തലോടുകൂടി സെക്രട്ടറിയുടെ ജി.1012/19, തീയതി.19.8.19 ഉത്തരവ് പ്രകാരം ശ്രീ. ചിദംബരൻ എന്നയാൾക്ക് 8500/- രൂപ നല്കിയിട്ടുണ്ട്.(അക്കൗണ്ട് നം.36957386160/SBI, അരുക്കുറ്റി). ബ്ലോക്ക് പഞ്ചായത്ത് ഇതു സംബന്ധിച്ച് എടുത്ത തീരുമാനം ഹാജരാക്കേണ്ടതാണ്. ട്രീ കമ്മിറ്റി എപ്രകാരമുള്ള കമ്മിറ്റിയാണെന്ന് വ്യക്തമാക്കേണ്ടതുമാണ്. അരുക്കുറ്റി സി.എച്ച്.സി.യിലെ മരംമുറിയുമായി ബന്ധപ്പെട്ട് സി.എച്ച്.സി, എച്ച്.എം.സി. മെമ്പറായി ശ്രീ. പി.രാജഗോപാൽ WPC No.33087/2019ആയി ഫയൽ ചെയ്ത കേസിന്റെ ചെലവിനത്തിൽ സെക്രട്ടറിയുടെ ജി.3142/19/22.9.19 ഉത്തരവ് പ്രകാരം 25250/- രൂപ നല്കിയിട്ടുമുണ്ട്. |
| 5 | 6-11/19 - 1430/- | പ്രസിഡന്റിന്റെ വാഹനത്തിന്റെ ഡ്രൈവറായി ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ശ്രീ. അശ്വജിത്ത്.ജെ.യ്ക്ക് 27 ദിവസത്തിൽ അധികരിച്ച് ജോലി ചെയ്തതിന് അധികവേതനമായി 1430/- രൂപ സെക്രട്ടറിയുടെ ജി.910/19/7.1.19 പ്രകാരം നല്കിയിട്ടുണ്ട് (ചെക്ക് നം.0069485/തുക- 17288/-). 27 ദിവസത്തിൽ അധികരിച്ച് വേതനം നല്കിയതിന് പ്രസിഡന്റിന്റെ സാക്ഷ്യപത്രം വൗച്ചറിനൊപ്പം ലഭ്യമല്ല. ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡ്രൈവറുടെ മസ്റ്റർ റോൾ ഓഫീസിൽ സൂക്ഷിക്കുന്നില്ല എന്ന് സെക്ഷൻ അറിയിച്ചിട്ടുണ്ട്. വാഹനത്തിന്റെ ലോഗ് ബുക്ക് പ്രകാരം ആകെ 16 ദിവസം മാത്രമാണ് വാഹനം ഓടിയിട്ടുള്ളത്. ഇതിൽ 13.10.2019 മാത്രമാണ് ഞായറാഴ്ചയായിട്ടുള്ളതും.<br><br>കൂടാതെ വിവിധ മാസങ്ങളിൽ ഇപ്രകാരം 27 ദിവസത്തിൽ അധികരിച്ച് വേതനം നല്കിയിട്ടുണ്ടെങ്കിലും പ്രസിഡന്റിന്റെ സാക്ഷ്യപത്രം വൗച്ചറിനൊപ്പം ലഭ്യമാക്കിയിട്ടില്ല. |
| 6 | 13-2/20 – 13280/- | റിഫ്രഷ്മെന്റ് ചാർജ് - 12480/-, ബാനർ എഴുതിയതിന് 800/-രൂപ എന്നിങ്ങനെ ചെലവഴിച്ചിരിക്കുന്ന തുകയ്ക്ക് അധികാരികമായ ബില്ലുകൾ വൗച്ചറിനൊപ്പം ലഭ്യമല്ല. (ചെക്ക് നം. 0974026/22.2.20 ) |
| 7 | 4-3/20- 9530/- | 2020-21 പ്ലാൻ ഫോർമുലേഷനുമായി ബന്ധപ്പെട്ട മീറ്റിംഗുകളിലെ റിഫ്രഷ്മെന്റിനത്തിൽ ചെലവഴിച്ചിരിക്കുന്ന തുകയ്ക്ക് ആധികാരികമായ ബില്ലുകൾ വൗച്ചറിനൊപ്പം ലഭ്യമാക്കിയിട്ടില്ല (ചെക്ക്നം. 0974584/6.3.20) |

ആവശ്യമായ വിശദീകരണമോ രേഖകളോ ഓഡിറ്റ് എൻക്വയറി മുഖേന നൽകിയിട്ടും ലഭ്യമാക്കാത്തതിനാൽ ചെലവുതുക തടസ്സപ്പെടുത്തുന്നു.

## 1-15 മുൻകൂറായി പണം നല്കിയിട്ടുണ്ടെങ്കിലും മരുന്നുകൾ ലഭ്യമായിട്ടില്ല

2019-20 സാമ്പത്തികവർഷം മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., അരുക്കുറ്റി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ടുകളിൽ മരുന്നുകൾക്കായി മുൻകൂർ തുക നല്കിയിട്ടുണ്ടെങ്കിലും മരുന്നുകൾ ലഭ്യമായതായി കാണുന്നില്ല. വിശദാംശം താഴെ ചേർക്കുന്നു.

| | പ്രോജക്ട് നം./പേര്, അടങ്കൽ | ചെലവ് | റിമാർക്സ് |
|---|---|---|---|
| 1 | 24/2019-20 - സെക്കന്ററി ലെവൽ പാലിയേറ്റീവ് കെയർ - 600000/- (300000-തനത് ഫണ്ട്, 300000/-വികസന ഫണ്ട്) | 597234/- (297234+ 300000) | എ) ട്രഷറി ബിൽ നം. 11/2019-20/27.11.19 പ്രകാരം 75000/- രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് പ്രഫോർമ ഇൻവോയ്സ് നം. PRF - 2371/4.11.19 പ്രകാരം മരുന്ന് വാങ്ങുന്നതിനായി മുൻകൂർ നല്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്നുകൾ ലഭിച്ചതായി കാണുന്നില്ല. |
| | | | ബി) ബ്ലോക്കിൽ നിന്നുള്ള 1035103/13.1.2020-ാം നമ്പർ ചെക്ക് പ്രകാരം 39987/- രൂപ (തനത് ഫണ്ട്) അരുക്കുറ്റി സി.എച്ച്.സി. മെഡിക്കൽ ഓഫീസർക്ക് നല്കിയിരുന്നു. ആയതിനുള്ള ചെലവായി മെഡിക്കൽ ഓഫീസറുടെ ഉത്തരവ് നം. 727/19, തീ.23.1.20 പ്രകാരം OSTEM എന്ന സ്ഥാപനത്തിന് ചെക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. സാധനങ്ങൾ ലഭ്യമായത് സംബന്ധിച്ച ബിൽ പരിശോധനയ്ക്കായി ഓഡിറ്റിൽ ലഭ്യമാക്കിയില്ല. ഏതുതരം സാധനങ്ങൾക്കാണ് Supply Order നല്കിയിരിക്കുന്നതെന്നും വ്യക്തമല്ല. |
| | | | സി) 19.3.2020ലെ കണ്ടിജന്റ് ബിൽ പ്രകാരം 84517/- രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നല്കിയിരുന്നു. PRF -4904/26.2.20 - 51000/- രൂപ, PRF - 4905/26.2.20 - 33517/- രൂപ (ആകെ തുക 84517/-) എന്നിങ്ങനെ രണ്ട് പ്രോഫോർമ ഇൻവോയ്സുകൾ മാത്രമാണ് ഫയലിൽ ഉള്ളത്. മരുന്നുകൾ ലഭ്യമായോ എന്ന് വ്യക്തമല്ല. |
| 2 | പ്രോജക്ട് നം. 44/20 - സി.എച്ച്.സി.കൾക്ക് മരുന്നുവാങ്ങൽ 400000/-(വികസനഫണ്ട് - റോഡിതരം) | 400000/- | ഡി) ട്രഷറി ബിൽ നം. 5/19-20/30.9.2019 പ്രകാരം 100000/- രൂപ സി.എച്ച്.സി. പെരുമ്പളത്തിനും, 100000/- രൂപ സി.എച്ച്.സി. തൈക്കാട്ടുശ്ശേരിക്കും നല്കിയിട്ടുണ്ടെങ്കിലും ആയതിന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |
| | | | ഇ) ട്രഷറി ബിൽ നം. 16/19-20/5.3.2020 പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിനായി 200000/- രൂപ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നല്കിയിട്ടുണ്ടെങ്കിലും മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കിയില്ല. |
| 3 | പ്രോജക്ട് നം. 42/20 - പെയിൻ & പാലിയേറ്റീവ് - 160000/- രൂപ വീതം 5 ഗ്രാമപഞ്ചായത്തുകൾക്കുള്ള വിഹിതം- 800000/-(വികസനഫണ്ട് - പൊതുവിഭാഗം ) | 800000/- | എഫ്) ട്രഷറി ബിൽ നം. 2/19-20/16.7.19 പ്രകാരം 5 ഗ്രാമപഞ്ചായത്തുകൾക്കും വിഹിതം നല്കിയിട്ടുണ്ടെങ്കിലും ആയതിന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9/18.4.22) മറുപടി ലഭ്യമാക്കിയില്ല. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിൽ രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-16 സെക്കന്ററി ലെവൽ പാലിയേറ്റീവ് കെയർ - നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നം./പേര് - 24/2019-20 - സെക്കന്ററി ലെവൽ പാലിയേറ്റീവ് കെയർ

അടങ്കൽ - 600000/- (300000 - തനത് ഫണ്ട്,

300000/- വികസന ഫണ്ട്)

ചെലവ് - 597234/- (297234/- തനത് ഫണ്ട്,

300000/-വികസന ഫണ്ട്)

പ്രൈമറി പാലിയേറ്റീവ് പരിചരണം ലഭിക്കുന്നതിൽ ഇപ്പോൾ ലഭിക്കുന്നതിനേക്കാൾ കൂടുതൽ പരിചരണം ആവശ്യമായി വരുന്നവരെയാണ് സെക്കന്ററി തലത്തിൽ പരിചരിക്കുന്നത്. ഇതിനായി അരൂക്കുറ്റി സി.എച്ച്.സി.യിലെ മെഡിക്കൽ ഓഫീസറുടെ സേവനം ലഭ്യമാണ്. കൂടാതെ ഒരു ഫിസിയോതെറാപ്പിസ്റ്റിന്റെയും സ്റ്റാഫ് നഴ്സിന്റെയും സേവനം ലഭ്യമാക്കുക എന്നതാണ് പ്രോജക്ട് ലക്ഷ്യം.

ഒരേ ദിവസം തന്നെ പഞ്ചായത്ത് തലത്തിലുള്ള പ്രൈമറി പാലിയേറ്റീവ് ടീമും ബ്ലോക്ക് തലത്തിലുള്ള സെക്കന്ററി പാലിയേറ്റീവ് ടീമും ഒരേ രോഗികളെ സന്ദർശനം നടത്തുന്നതായി കാണുന്നു.

തൈക്കാട്ടുശ്ശേരി ബ്ലോക്കിലെ 5 പഞ്ചായത്തുകളിലും പ്രൈമറി പാലിയേറ്റീവ് പ്രവർത്തിച്ചുവരുന്നു. ഇതു കൂടാതെയാണ് ബ്ലോക്ക് തലത്തിലുള്ള സെക്കന്ററി പാലിയേറ്റീവ് കെയർ ടീമിന്റെ പ്രവർത്തനം നടന്നുവരുന്നത്. എന്നാൽ സെക്കന്ററി പാലിയേറ്റീവ് ഓരോ പഞ്ചായത്തിലും രോഗികൾക്ക് പരിചരണം നടത്തുമ്പോൾ അതോടൊപ്പംതന്നെയാണ് അതത് പഞ്ചായത്തുതലത്തിലുള്ള ടീമും പരിചരണം നടത്തുന്നതായി പല ദിവസങ്ങളിലെയും രണ്ടു ടീമിന്റെയും ഹോംകെയർ രജിസ്റ്റർ പ്രകാരം കാണുന്നത്. ഫിസിയോതെറാപ്പിസ്റ്റ്, സ്റ്റാഫ് നഴ്സ്, ആശ പ്രവർത്തക തുടങ്ങിയവരുടെ പേരുകൾ രണ്ടു രജിസ്റ്ററിലും ഒരേ ദിവസം ചേർത്തിരിക്കുന്നു. രണ്ടു ടീമിനുമായി രണ്ടു വാഹനങ്ങൾ കരാർ പ്രകാരം ഓടുന്നുണ്ട്. അതായത് രണ്ടു വാഹനങ്ങളിലും ഒരേ ദിവസം രാവിലെ മുതൽ വൈകിട്ട് വരെ സഞ്ചരിച്ചതിൽ ഒരേ ആർക്കാർ തന്നെയുണ്ട്. ഇപ്രകാരം ഒരു രോഗിയുടെ പരിചരണത്തിനായി രണ്ടു ടീമുകളിലുമുൾപ്പെടെ 6-7 പേരാണ് ഒരുദിവസംതന്നെ പോകുന്നത്.

ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ദിവസം | പഞ്ചായത്ത്/ വാർഡ് | രണ്ടു ടീമും പരിചരണത്തിനായ പോയ രോഗികൾ |
|---|---|---|
| 17.4.19 | അരൂക്കുറ്റി | ഫാത്തിമ, കാവുങ്കൽ നികർത്ത്<br>വനജ, ശങ്കരമംഗലം |
| 22.6.19 | -ടി- | ഹുസൈൻ, പാത്തുമ്മ മൻസിൽ<br>ഹസ്സന കരുത്തുംതറ<br>വള്ളി വേലായുധൻ, ഇലഞ്ഞിത്തറ നികർത്ത്<br>സുഹറ, കിണാത്തുചിറ<br>പ്രഭാകരൻ, മേച്ചലിക്കാട്ട് |
| 7.3.20 | -ടി- | കാർത്തികേയൻ, കാരേഴത്ത് നികർത്ത്<br>രമ, രതിഭവനം<br>ബെൻസൺ, മുടിത്തറ<br>മാനുവൽ, പനക്കത്തറ<br>സുഹറ, കണിച്ചുകാട്ടുതറ<br>ലക്ഷ്മി, പുത്തൻവീട്<br>രജിമോൾ, പുത്തൻവീട്<br>മണിയൻ, പുത്തൻവീട് |
| 28.2.20 | -ടി- | നവാബ്, ബിസ്മില്ലാ മൻസിൽ<br>താഞ്ചൻ, പുതുക്കേരിൽ<br>കറുമ്പി, കൊന്നപ്പള്ളി<br>ശാന്ത, പുതുക്കേരിൽ<br>കരുണാകരൻ, കാവുശ്ശേരി<br>വിജയൻ, കമലാ നിവാസ് |
| 3.4.19 | പെരുമ്പളം | ഗോപിനാഥ്, വാത്തികാട്<br>രാധ, മഴുവഞ്ചേരി<br>മാധവി, ഭവാനി നിലയം |

| | | |
|---|---|---|
| | | വേണുഗോപാലപണിക്കർ, കിഴക്കേ കുഴിവേലിൽ<br>ഗൗരി, കിഴക്കേ കരീത്തറ |
| 17.7.19 | - ടി - | പത്മാവതിയമ്മ, കുന്നത്ത്<br>നളിനി, പുതിയമാടവന<br>വേണുഗോപാലപണിക്കർ, കിഴക്കേ കുഴിവേലിൽ<br>ബാബുരാജ്, ശ്രീദേവി നിലയം<br>പത്മാക്ഷി, പുതുവൽ നികർത്ത്<br>കൃഷ്ണൻകുട്ടി, പായിപ്പാട്ട്<br>രവീന്ദ്രൻനായർ, പായിപ്പാട്ട് |

രണ്ടു ടീമിന്റെയും പ്രവർത്തനങ്ങൾ സുതാര്യമല്ല എന്നും ഒരേ ദിവസം ഒരേ രോഗികളെ സന്ദർശിക്കുന്നതിന് രണ്ടു വാഹനങ്ങൾ ഓടുന്നതുവഴിയും ഭക്ഷണച്ചെലവിനത്തിലും കണക്കുകളിൽ ഇരട്ടിപ്പ് ഉണ്ടെന്നും ഇതിൽനിന്നും മനസ്സിലാകുന്നു. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9/18.4.22) മറുപടി ലഭ്യമാക്കിയില്ല.

സെക്കന്ററി ലെവൽ പാലിയേറ്റീവ് കെയർ ആവശ്യമുള്ള രോഗികളെ മെഡിക്കൽ ഓഫീസർമാർ നിർദ്ദേശിക്കേണ്ടതും അവർക്കുമാത്രം സെക്കന്ററി ലെവൽ ടീമിന്റെ പരിചരണം ലഭ്യമാക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ മോണിട്ടറിംഗ് സമിതി സ്വീകരിക്കേണ്ടതും പ്രോജക്ടുകളുടെ ലക്ഷ്യം കൈവരിക്കുന്നതിന് പഞ്ചായത്തുതലത്തിലും ബ്ലോക്ക് തലത്തിലുമുള്ള ടീമുകളുടെ ഏകോപനം നടത്തേണ്ടതുമാണ്.

കൂടാതെ, പാലിയേറ്റീവ് കെയറിനായി വിലയേറിയ പല ഉപകരണങ്ങളും വാങ്ങുന്നുണ്ടെങ്കിലും വാങ്ങുന്ന ഉപകരണങ്ങൾ ആർക്കൊക്കെ വിതരണം ചെയ്യുന്നു, വീണ്ടും ഉപയോഗിക്കാവുന്ന ഉപകരണങ്ങൾ ഒരു രോഗിയുടെ ആവശ്യത്തിനുശേഷം മറ്റൊരാൾക്ക് നല്കുന്നുണ്ടോ തുടങ്ങിയ വിവരങ്ങളൊന്നുംതന്നെ രജിസ്റ്ററിൽ നിന്നും ലഭ്യമല്ല.

ബ്ലോക്കിലെ എല്ലാ പഞ്ചായത്തുകളിലെയും പ്രൈമറി ലെവൽ ടീമിന്റെയും സെക്കന്ററി ലെവൽ ടീമിന്റെയും ഹോംകെയർ രജിസ്റ്ററുകളും മറ്റു രജിസ്റ്ററുകളും പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും കണക്കുകളിൽ ഇരട്ടിപ്പ് ഉണ്ടായിട്ടുള്ളത് കണ്ടെത്തി നഷ്ടമായ തുക തിരികെ ഈടാക്കേണ്ടതുമാണ്. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (പി.എം.സി.)യും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., അരൂക്കുറ്റി നടപ്പാക്കിയ വിവിധ പ്രോജക്ടുകളിലെ അപാകതകൾ

1. പ്രോജക്ട് നം. 86/20 – അരൂക്കുറ്റി, തൈക്കാട്ടുശ്ശേരി സി.എച്ച്.സി.കളിൽ ഡോക്ടറെയും ഫാർമസിസ്റ്റിനെയും നിയമിച്ച് ഒ.പി.സമയം ഉച്ചയ്ക്ക്ശേഷവും വൈകിട്ടും ലഭ്യമാക്കൽ

അടങ്കൽ - 843516/- (വികസനഫണ്ട് - പൊതുവിഭാഗം)

ചെലവ് - 842453/-

അപാകതകൾ

എ) ഇതു സംബന്ധിച്ചുള്ള ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ ജി.2016/19/25.7.19-ാം നം. ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം കരാർ പ്രകാരം നിയമിതരാകുന്ന ഡോക്ടർമാരും ഫാർമസിസ്റ്റുകളും 200 രൂപയുടെ മുദ്രപ്പത്രത്തിൽ കരാർ വയ്ക്കേണ്ടതാണെങ്കിലും അരൂക്കുറ്റി സി.എച്ച്.സി.യിൽ നിയമിതരായവർ കരാർ വച്ചിട്ടില്ല. ഇവർ വാങ്ങിയിരിക്കുന്ന കരാർ ചമയ്ക്കാത്ത മുദ്രപ്പത്രം മാത്രമാണ് ഫയലിൽ ഉള്ളത്.

ബി). അരൂക്കുറ്റി സി.എച്ച്.സി.യിലെ ഡോക്ടറുടെയോ ഫാർമസിസ്റ്റിന്റെയോ ഹാജർ സ്റ്റേറ്റ്മെന്റ് ഫയലിൽ ലഭ്യമല്ല. ഇരുവർക്കും എല്ലാ മാസവും പൂർണ്ണവേതനം നല്കിയിട്ടുണ്ട്.

2. പ്രോജക്ട് നം. 45/20 – ബയോ മെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് (Image പ്രോജക്ട്) - പെരുമ്പളം, തൈക്കാട്ടുശ്ശേരി, പള്ളിപ്പുറം, അരൂക്കുറ്റി ആരോഗ്യകേന്ദ്രത്തിലെ ബയോവേസ്റ്റ് നീക്കം ചെയ്യൽ.

അടങ്കൽ - 236991/- (വികസനഫണ്ട് - പൊതുവിഭാഗം)

ചെലവ് - 223885/- (ട്രഷറി ബിൽ നം. 1/19-20/27.6.19 – 186991/-

10/19-20/18.11.19 – 36894/-)

അപാകതകൾ

എ) പ്രോജക്ടിൽ ബ്ലോക്കിലെ 4 ആശുപത്രികൾ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. പാണാവള്ളി പഞ്ചായത്തിലെ ആശുപത്രി ഉൾപ്പെട്ടിട്ടില്ല.

ബി) ആദ്യ ബിൽ പ്രകാരം തുക നല്കിയിരിക്കുന്നത് -

സി.എച്ച്.സി. പെരുമ്പളം - 40000/-

സി.എച്ച്.സി. പള്ളിപ്പുറം - 30000/-

സി.എച്ച്.സി., തൈക്കാട്ടുശ്ശേരി - 116991/- എന്നിങ്ങനെ ആകെ 186991/- രൂപയാണ്. ഇതിനായി സി.എച്ച്.സി. അരൂക്കുറ്റിയിലെ മെഡിക്കൽ ഓഫീസർ (ഇൻചാർജ്) നല്കിയ ബി.614/`9/25.6.19) ഉത്തരവ് മാത്രമാണ് ഫയലിൽ ഉള്ളത്. Image ന്റെ 5915/- രൂപയുടെ ബിൽ മാത്രമാണ് ഫയലിൽ ഉള്ളത് (നം.OC/2018-19/Mar/547451/1.4.19). ബാക്കി തുകയ്ക്കുള്ള ബില്ലോ, തുക Image ന് നല്കിയതു സംബന്ധിച്ചോ, Image ന്റെകൈപ്പറ്റു രസീതോ ഫയലിൽ ഇല്ല. തൈക്കാട്ടുശ്ശേരി സി.എച്ച്.സി. 2019-20 വർഷം Image ന് നല്കിയ തുകകളുടെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കുകയുണ്ടായി.

സി) സി.എച്ച്.സി., അരൂക്കുറ്റിയിലെ മെഡിക്കൽ ഓഫീസറുടെ നം.1070/19/8.11.19 ലെ കത്ത് മുഖേന Image നോട് 2020-21 സാമ്പത്തിക വർഷത്തേക്കുള്ള വേസ്റ്റ് കളക്ഷൻ ചാർജിന്റെ അഡ്വാൻസ് ബിൽ ആശുപത്രിയിലേക്ക് അടിയന്തിരമായി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. അതുപ്രകാരം 36894/- രൂപയുടെ ബിൽ Image 9.11.19ൽ ലഭ്യമാക്കുകയും 18.11.19 ൽ തുക നല്കുകയുമാണ് ചെയ്തിട്ടുള്ളത്. തുകയ്ക്കുള്ള കൈപ്പറ്റ് രസീത് Image ലഭ്യമാക്കിയിട്ടുണ്ട്. 2020-21 സാമ്പത്തികവർഷത്തേക്കുള്ള തുക 6 മാസത്തോളം മുമ്പ്തന്നെ Image നോട് അടിയന്തിരമായി ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിരിക്കുന്നതിന്റെ കാരണം വ്യക്തമല്ല. കൂടാതെ ഈ തുക ഏതൊക്കെ ആശുപത്രികളിലെ വേസ്റ്റ് നീക്കം ചെയ്യുന്നതിനുള്ള തുകയാണെന്നോ വേസ്റ്റ് നീക്കം ചെയ്തത് സംബന്ധിച്ചോ രേഖകളില്ല. 2020-21 സാമ്പത്തികവർഷത്തേക്ക് വരുവാനിടയുള്ള ചെലവ് 2019-20 ൽ ചെലവഴിച്ചത് നിയമവിരുദ്ധമാണ്.

ഡി) Image ന്റെ 01.02.19 ലെ OC/19-20/Nov./643008 പ്രകാരമുള്ള 3024/- രൂപയുടെ ബിൽ ഫയലിൽ ഉണ്ടെങ്കിലും തുക നല്കിയത് സംബന്ധിച്ച വിവരങ്ങളൊന്നുമില്ല.

ഈ ബില്ലിലെ അക്കൗണ്ട്സ് സ്റ്റേറ്റ്മെന്റ് പ്രകാരം

| | |
|---|---|
| Current Bill | 3024 |
| Pending Balance | - 51567 |
| Total Amount Advance | - 48543 |

എന്നാണ് ചേർത്തിരിക്കുന്നത്. എന്നാൽ ഇത്രയും തുക ബാക്കി നിൽക്കുന്നത് ഏതൊക്കെ ആശുപത്രികളുടെ വേസ്റ്റ് മാലിന്യം നീക്കം ചെയ്യുന്നതിനുള്ള തുകയാണെന്നോ ഈ തുക ഉപയോഗിച്ചതിന്റെ മറ്റു വിവരങ്ങളോ ഫയലിൽ ലഭ്യമല്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/18.4.22) മറുപടി ലഭ്യമാക്കിയില്ല.

ആവശ്യമായ മുഴുവൻ രേഖകളും ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കാത്തതിനാൽ തുക 106894/- (223885-116991) തടസ്സപ്പെടുത്തുന്നു.

## 1-18 മെഡിക്കൽ ഓഫീസർ, പെരുമ്പളം നിർവ്വഹണം നടത്തിയ പ്രോജക്ട് - ബില്ലിനൊപ്പം ആവശ്യമായ രേഖകൾ ലഭ്യമല്ല

പ്രോജക്ട് നം. 102/2019-20 – പെരുമ്പളം സി.എച്ച്.സിയിൽ ഡോക്ടറെയും ഫാർമസിസ്റ്റിനെയും നിയമിച്ച് ഒ.പി.സമയം ഉച്ചയ്ക്ക്ശേഷവും വൈകിട്ടും ലഭ്യമാക്കൽ

അടങ്കൽ - 440000/- (260000 - വികസനഫണ്ട് - പൊതുവിഭാഗം

180000 - തനത് ഫണ്ട് )

ചെലവ് - 429354/- (260000 - വികസനഫണ്ട് - പൊതുവിഭാഗം

169354/- - തനത് ഫണ്ട് )

അപാകതകൾ

ട്രഷറി ബിൽ നം. (BRN No.) 772442/4.11.19 പ്രകാരം 40000/- രൂപ ഡോ. വൈശാഖ് വി.എ.യുടെ അക്കൗണ്ടിലേക്ക് നല്കിയിട്ടുണ്ട്. എന്നാൽ ബില്ലിനൊപ്പം ഫാർമസിസ്റ്റ് ആര്യ റ്റി.ആർ.ന്റെ 01.10.2019 ലെ 14000/- രൂപയുടെ വേതനത്തിന്റെ കൈപ്പറ്റു രസീതും മെഡിക്കൽ ഓഫീസറുടെ 1000/- രൂപയുടെ വേതന കുടിശ്ശികയുടെ കൈപ്പറ്റുരസീതും മാത്രമാണുള്ളത്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/18.4.22) മറുപടി ലഭ്യമാക്കിയില്ല. ചെലവു രേഖകൾ ഇല്ലാത്തതിനാൽ 25000/- (40000- 15000) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 ഹരിത കർമ്മ സേനയ്ക്ക് പ്രകൃതി സൗഹൃദ പാത്രങ്ങൾ (പ്രോ.നം 81/2020) - കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ ഒഴിവാക്കിയതുമൂലം അധികച്ചെലവ്

തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി 2019-20 വർഷം നിർവ്വഹണം നടത്തിയ ഹരിത കർമ്മ സേനയ്ക്ക് പ്രകൃതി സൗഹൃദ പാത്രങ്ങൾ എന്ന പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള അഞ്ച് ഗ്രാമപഞ്ചായത്തുകളിലെ ഹരിത കർമ്മ സേനകൾക്ക് സ്റ്റീൽ പാത്രങ്ങളും ഗ്ലാസ്സുകളും വാങ്ങി നൽകുന്നതിനായി ആസൂത്രണം ചെയ്ത നടപ്പാക്കിയ പദ്ധതിയാണിത്. ഫയൽ പരിശോധിച്ചതിൽ, ടെണ്ടറിൽ പറഞ്ഞിട്ടുള്ള സ്പെസിഫിക്കേഷൻ പ്രകാരമുള്ള സ്റ്റീൽ പാത്രങ്ങൾക്കും ഗ്ലാസ്സുകൾക്കും കുറഞ്ഞ തുക ക്വോട്ട് ചെയ്തിരിക്കുന്നത് തമ്പുരാൻകാലയിൽ ട്രേഡ് ലിങ്ക്സ് കോഴഞ്ചേരിയാണ്. ടി സ്ഥാപനം ഇ.എം.ഡി സമർപ്പിച്ചില്ലായെന്ന കാരണത്താൽ രണ്ടാമത്തെ കുറഞ്ഞ തുക ക്വോട്ട് ചെയ്ത സിതാരാ ഷോപ്പിംഗ് സെന്റർ, തലയോലപ്പറമ്പ് എന്ന സ്ഥാപനത്തിനാണ് സപ്ലൈ ഓർഡർ നൽകി വാങ്ങൽ നടത്തിയിട്ടുള്ളത്. എന്നാൽ MSME സ്ഥാപനമായ തമ്പുരാൻകാലയിൽ ട്രേഡ് ലിങ്ക്സിന് ടെണ്ടറിൽ പങ്കെടുക്കുന്നതിന് ഇ.എം.ഡി ഒഴിവാക്കി കൊണ്ട് പത്തനംതിട്ട ജില്ലാ വ്യവസായ കേന്ദ്രം നൽകിയിട്ടുള്ള സാക്ഷ്യപത്രം (നം. B/3033/2017 Dt. 26.12.2018) ടെണ്ടർ രേഖകളോടൊപ്പം ഹാജരാക്കിയത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. കുറഞ്ഞ തുക ക്വോട്ട് ചെയ്ത തമ്പുരാൻകാലയിൽ ട്രേഡ് ലിങ്ക്സിൽ നിന്നും സാധനങ്ങൾ വാങ്ങാതിരുന്നതുമൂലം താഴെപറയും പ്രകാരം 45000/- രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

| ഐറ്റത്തിന്റെ പേര് | സ്പെസിഫിക്കേഷൻ | എണ്ണം | തമ്പുരാൻകാലയിൽ ട്രേഡ് ലിങ്ക്സ് ക്വോട്ട് ചെയ്ത നിരക്ക് | സിതാരാ ഷോപ്പിംഗ് സെന്റർ ക്വോട്ട് ചെയ്ത നിരക്ക് | നിരക്കിലെ വ്യത്യാസം മൂലമുള്ള അധികച്ചെലവ് |
|---|---|---|---|---|---|
| Steel Dinner Plate | Stainless Steel 11.5 Dia, Weight 350 Gm Or Above | 3000 | 97 | 108 | 33000 |
| Steel Glass 250 Ml | Stainless Steel, 80 Gm Weight | 3000 | 29 | 29 | 0 |
| Steel Glass 150 Ml | Stainless Steel, 50 Gm Weight | 3000 | 20 | 24 | 12000 |
| | ആകെ | | | | 45000 |

കുറഞ്ഞ തുക ക്വോട്ട് ചെയ്ത തമ്പുരാൻകാലയിൽ ട്രേഡ് ലിങ്ക്സിനെ ഒഴിവാക്കിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നടപടിക്രമങ്ങൾ പാലിക്കാതെ വാങ്ങൽ നടത്തിയതുമൂലം അധികം ചെലവഴിച്ച രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

ചെലവ് വിവരം

ബിൽ നം. 01/08.05.2019 – 483,000/-

## 1-20 ലൈഫ് ഭവന നിർമ്മാണത്തിന് വിഹിതം നൽകൽ - സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ഫണ്ട് കൈമാറി, വിനിയോഗ വിവരം ലഭ്യമാക്കിയില്ല

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി 2019-20 വർഷം നടപ്പാക്കിയ രണ്ട് പ്രോജക്ടുകളിലായി ലൈഫ് മിഷൻ ഭവന പദ്ധതിയ്ക്കായി വികസന ഫണ്ടിൽ നിന്നും താഴെപറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രോജക്റ്റിന്റെ പേര് | അടങ്കൽ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | ലൈഫ് മിഷൻ ഭവന നിർമ്മാണം -ജനറൽ (06/200 | 5173200 | 5173200 |
| 2 | ലൈഫ് മിഷൻ ഭവന നിർമ്മാണം -എസ്.സി (09/20) | 1652400 | 1652400 |

മേൽ പ്രോജക്ടുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെപറയുന്നു.

1-സർക്കാർ നിർദ്ദേശം പാലിക്കാതെ തുക കൈമാറി

സംയുക്ത പ്രോജക്ടുകൾക്കായി അനുവദിക്കുന്ന ഫണ്ട് ഗ്രാമപഞ്ചായത്തിന്റെ എസ്.റ്റി.എസ്.ബി അക്കൗണ്ടുകളിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി 2019-20 മുതൽ ധനകാര്യ വകുപ്പിന്റെ 3.7.2018ലെ ജി.ഒ(പി)നം 100/2018/ഫിൻ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിധേയമായാണ് സംയുക്ത പദ്ധതി പ്രകാരമുള്ള തുക ചെലവഴിക്കേണ്ടത്. മേൽ ഉത്തരവ് പ്രകാരം പ്രോജക്ട് നടപ്പാക്കുന്ന ഗ്രാമപഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ (വി.ഇ.ഒ) ഓരോ ഘട്ടത്തിലും ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ നിന്നും ആവശ്യമുള്ള തുകയ്ക്ക് ബിൽ തയ്യാറാക്കി ട്രഷറിയിൽ സമർപ്പിക്കുന്നതനുസരിച്ച് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നേരിട്ട് ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യപ്പെടുന്നു. എന്നാൽ മേൽ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ 6825600/- രൂപ ടി ഉത്തരവിന് വിരുദ്ധമായി മുൻവർഷങ്ങളിലേതുപോലെ പഞ്ചായത്തുകളുടെ അപേക്ഷ പ്രകാരം ട്രഷറിയിൽ നിന്നും പിൻവലിച്ച് നേരിട്ട് നൽകുകയാണ് ചെയ്തിരിക്കുന്നത്. ഇപ്രകാരം തുക കൈപ്പറ്റിയ ഗ്രാമപഞ്ചായത്തുകളുടെ വിവരം താഴെപറയുന്നു.

| ക്രമ നം | പഞ്ചായത്തിന്റെ പേര് | നൽകിയ തുക | |
|---|---|---|---|
| | | ജനറൽ | എസ്.സി |
| 1 | ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്ത് | 1836100 | 0 |
| 2 | തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത് | 885100 | 463700 |
| 3 | പെരുമ്പളം ഗ്രാമപഞ്ചായത്ത് | 637460 | 120970 |
| 4 | പാണാവള്ളി ഗ്രാമപഞ്ചായത്ത് | 1094340 | 853130 |
| 5 | അരൂക്കുറ്റി ഗ്രാമപഞ്ചായത്ത് | 720200 | 214600 |
| | ആകെ | 5173200 | 1652400 |

2-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

മേൽ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ വിഹിതം യഥാസമയം വിനിയോഗിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 68,25,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഗ്രാമപഞ്ചായത്തുകൾക്ക് തുക നേരിട്ട് നൽകിയതിന് വിശദീകരണവും

ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള വിശദമായ വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കുവാൻ രേഖാമൂലം (ഓഡിറ്റ് എൻക്വയറി നം. 07/13.4.2020) ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

## 1-21 ഐ.കെ.എം പ്രവർത്തനങ്ങൾക്ക് വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല, ചെലവ് തടസ്സപ്പെടുത്തുന്നു

2019-20 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ ഐ.കെ.എം പ്രവർത്തനങ്ങൾക്ക് വിഹിതം നൽകൽ (പ്രോ.നം. 02/20) എന്ന പ്രോജക്ട് പ്രകാരം 38775/- രൂപ (ബിൽ നം. 6/27.6.19) ഐ.കെ.എം-ന് നൽകിയിട്ടുണ്ട്. എന്നാൽ ഐ.കെ.എം-ൽ നിന്നും കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ വാങ്ങി പരിശോധനയ്ക്ക് ഹാജരാക്കിയില്ല. തുകയുടെ കൈപ്പറ്റ് രസീത്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവയുടെ അഭാവത്തിൽ 38775/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-22 എസ്.റ്റി വിദ്യാർത്ഥികൾക്ക് പഠനമുറി (പ്രോ.നം 04/20) - മൂല്യനിർണ്ണയ സാക്ഷ്യപത്രം ഹാജരാക്കിയില്ല

പട്ടികജാതി വികസന ഓഫീസർ 2019-20 വർഷം നിർവ്വഹണം നടത്തിയ എസ്.റ്റി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രോജക്ട് പ്രകാരം രണ്ട് വിദ്യാർത്ഥികൾക്കായി നാല് ലക്ഷം രൂപ പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. മേൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ, ഷാരോൺ.പി.എസ്, വാരണംകാട്ടുവെളി, മണപ്പുറം എന്ന കുട്ടിയുടെ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചതു സംബന്ധിച്ച് എൽ.എസ്.ജി.ഡി അസി.എഞ്ചിനീയറുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രം ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. മൂല്യനിർണ്ണയ സാക്ഷ്യപത്രം ഹാജരാക്കുവാൻ രേഖാമൂലം (ഓഡിറ്റ് എൻക്വയറി നം 12/18.4.2022) ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയില്ല. മൂല്യനിർണ്ണയ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ അനുവദിച്ച സബ്സിഡി തുകയുടെ കൃത്യത ബോധ്യപ്പെടുവാൻ സാധിച്ചില്ല. ആയതിനാൽ മേൽ ഗുണഭോക്താവിന് പഠനമുറി നിർമ്മിക്കുന്നതിനായി അനുവദിച്ച 2,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ചെലവ് വിവരം.

ബിൽ നം 17/19.12.2019 – 1,00,000/-

ബിൽ നം 28/ 26.02.2020 – 50,000/-

ബിൽ നം 29/26.02.2020 – 50,000/-

## 1-23 സർക്കാർ ഉത്തരവിനു വിരുദ്ധമായി പ്രോജക്ട് ഏറ്റെടുത്തു

സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) 183/07/ത.സ്വ.ഭ.വ., തിയതി 24.7.2007 പ്രകാരം അടങ്കൽ തുക 5 ലക്ഷം രൂപയിൽ താഴെയുള്ള പ്രോജക്ടുകൾ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കുവാൻ പാടുള്ളതല്ല. എന്നാൽ 19-20 വർഷത്തിൽ താഴെ കൊടുത്തപ്രകാരം 2 പ്രോജക്ടുകൾ ഏറ്റെടുത്തതായി കാണുന്നു.

| ക്രമ.നം. | പ്രോജക്ട് നമ്പറും പേരും | അടങ്കൽ |
|---|---|---|
| 1 | 99/19-20 ബ്ലോക്ക് പഞ്ചായത്ത് ഡീസൽ ജനറേറ്ററിനു മേൽക്കൂരയും സോളാർ പാനലിനു ലാഡർ ഫെസിലിറ്റിയും | 260537 |
| 2 | 106/19-20 ബയോഗ്യാസ് പ്ലാന്റ് എയ്റോബിക് കമ്പോസ്റ്റ് സ്ഥാപിക്കൽ | 300000 |

സർക്കാർ മാർഗ്ഗനിർദേശം പാലിക്കാതെ ഇത്തരം പ്രോജക്ടുകൾ നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശം പാലിച്ച് പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പത്രപ്പരസ്യം നല്കിയത് - ട്രേഡ് ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല

താഴെപ്പറയുന്ന പത്രപ്പരസ്യങ്ങൾക്കായി ചെലവഴിച്ച തുകകളിൽ നിന്നും 15% ട്രേഡ് ഡിസ്കൗണ്ട് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | വൗച്ചർ നം. | തുക | ദിനപ്പത്രം | ബിൽ നം. | GST കുറച്ചുള്ള തുക |
|---|---|---|---|---|---|
| 1 | 2-7/19 | 6388/-<br>(ചെക്ക് നം. 1848572) | മാതൃഭൂമി | 321000011927/<br>4.5.19 | 6084/- |
| 2 | 15-2/20 | 1198/-<br>(ചെക്ക് നം. 0974028/24.2.20) | മാധ്യമം | CB14881/<br>13.2.20 | 1140/- |
| | | ആകെ തുക | | | 7224 |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3/8.4.22) മറുപടി ലഭ്യമാക്കിയില്ല. ട്രേഡ് ഡിസ്കൗണ്ട് 1084/- (7224x15%) ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കാത്തതിനാൽ അധികം നൽകിയ തുക നിരാകരിക്കുന്നു.

### 3-2 ഗ്രീൻ പ്രോട്ടോക്കോൾ ബോധവല്കരണ ബോർഡുകൾ സ്ഥാപിക്കൽ (പ്രോ.നം 87/2020) – കുറഞ്ഞ ക്വട്ടേഷൻ ഒഴിവാക്കിയതുമൂലം അധികച്ചെലവ്

ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള വിവിധ സ്ഥലങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ ബോധവല്കരണ ബോർഡുകൾ സ്ഥാപിക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ തുക ക്വോട്ട് ചെയ്തിരിക്കുന്നത് ത്തുലിക ഡിസൈനേഴ്സ് ആലപ്പുഴ എന്ന സ്ഥാപനമാണ് (ഒരു ബോർഡിന് 7600/- രൂപ). എന്നാൽ ബോർഡിന് 6750 + 18% GST ക്വോട്ട് ചെയ്ത ജയൻ ആർട്സ് ആലപ്പുഴ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷനാണ് അംഗീകരിച്ച് വർക്ക് ഓർഡർ നൽകിയത്. ജയൻ ആർട്സിന്റെ ക്വട്ടേഷൻ പ്രകാരം ഒരു ബോർഡിന് GST ഉൾപ്പെടെ 7965/- രൂപയാണ് ചെലവ് വരുന്നത്. ത്തുലിക ഡിസൈനേഴ്സ് ആലപ്പുഴ ക്വട്ടേഷനിൽ ജി.എസ്.ടി പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഒരു ബോർഡിന് 7600/- രൂപയെന്നത് ജി.എസ്.ടി ഉൾപ്പെടെയുള്ള നിരക്കായി കണക്കാക്കേണ്ടതാണ്. വിവിധ സ്ഥലങ്ങളിൽ പത്ത് ഗ്രീൻ പ്രോട്ടോക്കോൾ ബോധവല്കരണ ബോർഡുകൾ സ്ഥാപിച്ചതിന് പദ്ധതി വിഹിതത്തിൽ നിന്നും 79650/- രൂപ (ചെക്ക് നം. 409121/17.3.2020) പിൻവലിച്ച് ജയൻ ആർട്സിന് നൽകിയിട്ടുണ്ട്. ക്വട്ടേഷനിൽ പങ്കെടുത്ത സ്ഥാപനങ്ങൾ ക്വോട്ട് ചെയ്ത നിരക്ക് കൃത്യമായി അപഗ്രഥിച്ച് ശരിയായ താരതമ്യ പത്രിക തയ്യാറാക്കി പഞ്ചായത്ത് ഭരണ സമിതിയുടെ അംഗീകാരത്തിന് സമർപ്പിക്കാതിരുന്നതു കൊണ്ടാണ് ഇത്തരത്തിൽ കുറഞ്ഞ തുക ക്വോട്ട് ചെയ്ത സ്ഥാപനത്തിന്റെ ക്വട്ടേഷൻ പരിഗണിക്കപ്പെടാതെ പോയത്. കുറഞ്ഞ തുകയ്ക്കുള്ള ക്വട്ടേഷൻ അംഗീകരിക്കാതിരുന്നതുമൂലം 3650/- രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. ടി തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (06/13.4.2020) മറുപടി ലഭ്യമാക്കിയില്ല.

### 3-3 ഹരിത കർമ്മ സേനയ്ക്ക് പ്രകൃതി സൗഹൃദ പാത്രങ്ങൾ (പ്രോ.നം 81/2020) - കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ ഒഴിവാക്കിയതുമൂലം അധികച്ചെലവ്

തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി 2019-20 വർഷം നിർവ്വഹണം നടത്തിയ ഹരിത കർമ്മ സേനയ്ക്ക് പ്രകൃതി സൗഹൃദ പാത്രങ്ങൾ എന്ന പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള അഞ്ച് ഗ്രാമപഞ്ചായത്തുകളിലെ ഹരിത കർമ്മ സേനകൾക്ക് സ്റ്റീൽ പാത്രങ്ങളും ഗ്ലാസ്സുകളും വാങ്ങി നൽകുന്നതിനായി ആസൂത്രണം ചെയ്ത നടപ്പാക്കിയ പദ്ധതിയാണിത്. ഫയൽ പരിശോധിച്ചതിൽ, ടെണ്ടറിൽ പറഞ്ഞിട്ടുള്ള സ്പെസിഫിക്കേഷൻ പ്രകാരമുള്ള സ്റ്റീൽ പാത്രങ്ങൾക്കും ഗ്ലാസ്സുകൾക്കും കുറഞ്ഞ തുക ക്വോട്ട് ചെയ്തിരിക്കുന്നത് തമ്പുരാൻകാലയിൽ ട്രേഡ് ലിങ്ക്സ് കോഴഞ്ചേരിയാണ്. ടി സ്ഥാപനം ഇ.എം.ഡി സമർപ്പിച്ചില്ലായെന്ന കാരണത്താൽ രണ്ടാമത്തെ കുറഞ്ഞ തുക ക്വോട്ട് ചെയ്ത സിതാരാ ഷോപ്പിംഗ് സെന്റർ, തലയോലപ്പറമ്പ് എന്ന സ്ഥാപനത്തിനാണ് സപ്ലൈ ഓർഡർ നൽകി വാങ്ങൽ നടത്തിയിട്ടുള്ളത്. എന്നാൽ MSME സ്ഥാപനമായ തമ്പുരാൻകാലയിൽ ട്രേഡ്

ലിങ്ക്സിന് ടെണ്ടറിൽ പങ്കെടുക്കുന്നതിന് ഇ.എം.ഡി ഒഴിവാക്കി കൊണ്ട് പത്തനംതിട്ട ജില്ലാ വ്യവസായ കേന്ദ്രം നൽകിയിട്ടുള്ള സാക്ഷ്യപത്രം (നം. B/3033/2017 Dt 26.12.2018) ടെണ്ടർ രേഖകളോടൊപ്പം ഹാജരാക്കിയത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. കുറഞ്ഞ തുക ക്വോട്ട് ചെയ്ത തമ്പുരാൻകാലയിൽ ട്രേഡ് ലിങ്ക്സിൽ നിന്നും സാധനങ്ങൾ വാങ്ങാതിരുന്നതുമൂലം താഴെപറയും പ്രകാരം 45000/- രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

| ഐറ്റത്തിന്റെ പേര് | സ്പെസിഫിക്കേഷൻ | എണ്ണം | തമ്പുരാൻകാലയിൽ ട്രേഡ് ലിങ്ക്സ് ക്വോട്ട് ചെയ്ത നിരക്ക് | സിതാരാ ഷോപ്പിംഗ് സെന്റർ ക്വോട്ട് ചെയ്ത നിരക്ക് | നിരക്കിലെ വ്യത്യാസം മൂലമുള്ള അധികച്ചെലവ് |
|---|---|---|---|---|---|
| Steel Dinner Plate | Stainless Steel 11.5 Dia, Weight 350 Gm Or Above | 3000 | 97 | 108 | 33000 |
| Steel Glass 250 Ml | Stainless Steel, 80 Gm Weight | 3000 | 29 | 29 | 0 |
| Steel Glass 150 Ml | Stainless Steel, 50 Gm Weight | 3000 | 20 | 24 | 12000 |
| | ആകെ | | | | 45000 |

കുറഞ്ഞ തുക ക്വോട്ട് ചെയ്ത തമ്പുരാൻകാലയിൽ ട്രേഡ് ലിങ്ക്സിനെ ഒഴിവാക്കിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നടപടിക്രമങ്ങൾ പാലിക്കാതെ വാങ്ങൽ നടത്തിയതുമൂലം അധികം ചെലവഴിച്ച രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

ചെലവ് വിവരം

ബിൽ നം. 01/08.05.2019 – 483,000/-

## 3-4 പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങൽ - അനുവദനീയമായ സബ്സിഡി നിരക്കിനെക്കാൾ കൂടുതൽ തുക ചെലവഴിച്ചു

2019-20 വർഷം പട്ടികജാതി വികസന ഓഫീസർ നടപ്പിലാക്കിയ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങി നൽകൽ (പ്രോ.നം. 03/2020) എന്ന പ്രോജക്ട് പ്രകാരം ആറ് ഗുണഭോക്താക്കൾക്ക് ഒരു സെന്റിന് 75000/- നിരക്കിൽ അഞ്ച് സെന്റ് വീതം ഭൂമി വാങ്ങിയതിന് ഓരോ ഗുണഭോക്താവിനും 3,75,000/- വീതം വികസന ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ)നം 22/2018/ ത.സ്വ.ഭ.വ തീയതി 14.02.2018 പ്രകാരം ഭൂരഹിത ഭവനരഹിതർക്ക് ലൈഫ് മിഷൻ വ്യവസ്ഥകൾ അനുസരിച്ചാണ് വാസയോഗ്യമായ ഭൂമി വാങ്ങി നൽകേണ്ടത്. 2019-20 വർഷത്തേയ്ക്ക് ബാധകമായ ലൈഫ് മിഷൻ നിബന്ധനകൾ അനുസരിച്ച് ഒരു സെന്റിന് 75000/- നിരക്കിൽ മൂന്ന് സെന്റോ അതിലധികമോ ഭൂമി വാങ്ങുന്നതിന് പരമാവധി 2,25,000/- രൂപയാണ് സബ്സിഡിയായി നൽകാവുന്നത്. പദ്ധതി മാർഗ്ഗരേഖ ലംഘിച്ച് അധിക നിരക്കിൽ സബ്സിഡി അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നം.5/19-20/13.04.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഗുണഭോക്താക്കളുടെ വിവരം താഴെ കൊടുക്കുന്നു.

1-അവിനാശ് എം. ഹരി, അവിനാശ് വില്ല, പെരുമ്പളം

2-നിബിൻ, കോലോത്ത് മഠം, ലക്ഷംവീട്, പാണാവള്ളി

3-സജിത അംബുജാക്ഷൻ, കുന്നത്തുകടവ്, തയ്യിട ലക്ഷംവീട്, ചേന്നംപള്ളിപ്പുറം
4-നിധീഷ് എം, നടുവിലത്തറ, തൈക്കാട്ടുശ്ശേരി
5-രാജിമോൾ, ചിങ്ങംതറ, വട്ടുതല ജെട്ടി, അരൂക്കുറ്റി
6-നീന സി.കെ, ചേന്നത്തറ, തൃച്ചാറ്റുകുളം, പാണാവള്ളി

ലൈഫ് മിഷൻ നിബന്ധന പ്രകാരം ആറ് ഗുണഭോക്താക്കൾക്കായി ചെലവഴിക്കാവുന്ന പരമാവധി തുക 13,50,000/- രൂപയാണെന്നിരിക്കെ 22,50,000/- രൂപ പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിക്കുക വഴി 9,00,000/- രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. ടി തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.

ചെലവ് വിവരം.

ബിൽ നം. 02/6.9.2019 – 3,75,000/-

ബിൽ നം. 08/13.11.2019 – 3,75,000/-

ബിൽ നം. 09/13.11.2019 – 3,75,000/-

ബിൽ നം. 10/24.11.2019 – 3,75,000/-

ബിൽ നം. 16/16.12.2019 – 3,75,000/-

ബിൽ നം. 40/16.3.2020 – 3,75,000/-

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| അരുക്കുറ്റി ഗ്രാമപഞ്ചായത്ത് | 19-20 | 50000 | പി.എം.എ.വൈ. | 50000 | |
| പാണാവള്ളി ഗ്രാമപഞ്ചായത്ത് | 19-20 | 70000 | പി.എം.എ.വൈ. | 70000 | |
| അരുക്കുറ്റി ഗ്രാമപഞ്ചായത്ത് | 19-20 | 20000 | ലൈഫ് | | |
| പാണാവള്ളി ഗ്രാമപഞ്ചായത്ത് | 19-20 | 20000 | ലൈഫ് | | |
| തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത് | 19-20 | 20000 | ലൈഫ് | 44226 | |
| പെരുമ്പളം ഗ്രാമപഞ്ചായത്ത് | 19-20 | 20000 | ലൈഫ് | | |
| ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്ത് | 19-20 | 10000 | ലൈഫ് | | |
| ആകെ | | 210000 | | 164226 | |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-4 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| | | | 2155876 | 2155876 | | 0 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പുൾപ്പെടെ) | 6,59,88,893 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,99,56,063 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 9,49,734 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 87,60,857 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 1,084 | ശ്രീ,ബിജുകുമാർ,എ. സെക്രട്ടറി |
| 3-2 | | 3,650 | ശ്രീ.ബിജുകുമാർ,എ. സെക്രട്ടറി |
| 3-3 | | 45,000 | ശ്രീ.ബിജുകുമാർ,എ. സെക്രട്ടറി |
| 3-4 | | 9,00,000 | ശ്രീ.ബിനീഷ്.കെ. എസ്.സി.ഡി.ഓ. |
| ആകെ | | 9,49,734 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-10 | 1,00,000 | ശ്രീ.ബിജുകുമാർ,എ. സെക്രട്ടറി |
| 1-13(1) | 2,400 | ശ്രീ.ബിജുകുമാർ,എ. സെക്രട്ടറി |
| 1-13(2) | 3,600 | ശ്രീ.ബിജുകുമാർ,എ. സെക്രട്ടറി |
| 1-14(1) | 1,340 | ശ്രീ.ബിജുകുമാർ,എ. സെക്രട്ടറി |
| 1-14(2) | 31,034 | ശ്രീ.ബിജുകുമാർ,എ. സെക്രട്ടറി |
| 1-14(3) | 3,300 | ശ്രീ.ബിജുകുമാർ,എ. സെക്രട്ടറി |
| 1-14(4) | 8,500 | ശ്രീ.ബിജുകുമാർ,എ. സെക്രട്ടറി |
| 1-14(5) | 1,430 | ശ്രീ.ബിജുകുമാർ,എ. സെക്രട്ടറി |
| 1-14(6) | 13,280 | ശ്രീ.ബിജുകുമാർ,എ. സെക്രട്ടറി |

| | | |
|---|---|---|
| 1-14(7) | 9,530 | ശ്രീ.ബിജുകുമാർ,എ. സെക്രട്ടറി |
| 1-15(a) | 75,000 | ശ്രീ.കെ.എ.ജോർജ്ജ് മെഡിക്കൽ ഓഫീസർ, അരുക്കുറ്റി |
| 1-15(b) | 39,987 | ശ്രീ.കെ.എ.ജോർജ്ജ് മെഡിക്കൽ ഓഫീസർ, അരുക്കുറ്റി |
| 1-15(c) | 84,517 | ശ്രീ.കെ.എ.ജോർജ്ജ് മെഡിക്കൽ ഓഫീസർ, അരുക്കുറ്റി |
| 1-15(d) | 2,00,000 | ശ്രീ.കെ.എ.ജോർജ്ജ് മെഡിക്കൽ ഓഫീസർ, അരുക്കുറ്റി |
| 1-15(e) | 2,00,000 | ശ്രീ.കെ.എ.ജോർജ്ജ് മെഡിക്കൽ ഓഫീസർ, അരുക്കുറ്റി |
| 1-15(f) | 8,00,000 | ശ്രീ.കെ.എ.ജോർജ്ജ് മെഡിക്കൽ ഓഫീസർ, അരുക്കുറ്റി |
| 1-17 | 1,06,894 | ശ്രീ.കെ.എ.ജോർജ്ജ് മെഡിക്കൽ ഓഫീസർ, അരുക്കുറ്റി |
| 1-18 | 25,000 | ശ്രീ.കെ.എ.ജോർജ്ജ് മെഡിക്കൽ ഓഫീസർ, അരുക്കുറ്റി |
| 1-20(2) | 68,25,000 | ശ്രീ.ബിജുകുമാർ,എ. സെക്രട്ടറി |
| 1-21 | 38,775 | ശ്രീ.ബിജുകുമാർ,എ. സെക്രട്ടറി |
| 1-22 | 2,00,000 | ശ്രീ.ബിനീഷ്.കെ.എസ്.സി.ഡി.ഓ. |
| ആകെ | 87,69,587 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ബിജുകുമാർ,എ. സെക്രട്ടറി | റിട്ടയേർഡ് | 22/17, ശ്രീപത്മനാഭം, വാരനാട് പി.ഓ., ചേർത്തല |
| ശ്രീ.കെ.എ.ജോർജ്ജ്, മെഡിക്കൽ ഓഫീസർ, അരുക്കുറ്റി | മെഡിക്കൽ ഓഫീസർ, മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് | കാട്ടിത്തറ ഹൗസ്, അരൂർ, ആലപ്പുഴ |
| ശ്രീ.ബിനീഷ്.കെ. എസ്.സി.ഡി.ഓ. | എസ്.സി.ഡി.ഓ. | പുതുക്കിചിറ, പോളെള്ളത്തൈ, ആലപ്പുഴ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 മുതൽ 2009-10 വരെ | എൽ.എഫ്.ജി.എ5-832/11/31.1.12 |
| 2006-07 | എൽ.എഫ്.ജി.എ.5-1577/ 14/5.7.14 |
| 2007-08 | എൽ.എഫ്.ജി.എ.5-1577/ 16.5.14 |
| 2008-09 | എൽ.എഫ്.ജി.എ.5-1577/14/7.6.14 |
| 2009-10 | എൽ.എഫ്.ജി.എ.5-1577/14/16.5.14 |
| 2010-11 &11-12 | എൽ.എഫ്.എ.ബി.പി.1/766/13/21.1.14/11.4.14 |
| 2012-13 &13-14 | എൽ.എഫ്.എ.ബി.പി.320/2015/1/6/15 |
| 2014-15&2015-2016 | കെ.എസ്.എ 225/എ.എൽ.പി/ബി.പി./17/10.3.2017 |

| | |
|---|---|
| 2016-17 | കെ.എസ്.എ/എ.എൽ.പി/ബി.പി-1371/7/ 08.11.2017 |
| 2017-18 | കെ.എസ്.എ/എ.എൽ.പി/ബി.പി-33/2019/ 05.01.2019 |
| 2018-2019 | കെ.എസ്.എ/എ.എൽ.പി/ബി.പി-776/2019/ 18.9.2019 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്